# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3498.

11-12-2018 ൽ മറുപടിയ്ക്ക്

## തരിശുനില കൃഷി

**ചോദ്യം**
ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തരിശുനില കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക ഫണ്ടുകൾ കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. |
| (ബി) | ആലത്തൂർ മണ്ഡലത്തിൽ 'നിറ' എന്ന സമഗ്ര കാർഷിക വികസന പദ്ധതി പ്രകാരം 10 ഹെക്ടർ സ്ഥലത്ത് തരിശ് നില കൃഷി നടത്തിയതിന്റെ ധന സഹായം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആലത്തൂർ നിയോജകമണ്ഡലത്തിൽ ആലത്തൂർ കൃഷി ഭവൻ പരിധിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 'നിറ' പദ്ധതിക്കായി ബജറ്റിൽ പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല.<br>പാലക്കാട് ജില്ലയ്ക്ക് സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി അനുവദിച്ച തരിശുനില കൃഷിയ്ക്കുള്ള ഫണ്ടിൽ നിന്നുമാണ് ഇതിനുള്ള ധനസഹായം നൽകിയത്. ആലത്തൂർ കൃഷി ഭവൻ പരിധിയിൽ 'നിറ' പദ്ധതിയുടെ ഭാഗമായി 10 ഹെക്ടർ സ്ഥലത്ത് തരിശു നില കൃഷി നടത്തിയതിന്റെ ധനസഹായമായി 2,73,800/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | തരിശു നില കൃഷി പ്രൊജക്റ്റിന് പ്രത്യേകമായി അനുവദിക്കുന്ന 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയധിഷ്ഠിതമായി തരിശുനില കൃഷി ചെയ്യുന്നതിനുള്ള 5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സംസ്ഥാന തല സാങ്ഷനിങ് കമ്മിറ്റി പരിശോധിച്ച് നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ